130 (2508) വൈദ്യുതോർജ്ജ നയം

ശ്രീ. സി.പി ബാലൻ വൈദ്യർ :
ശ്രീ എം.വി. ജയരാജൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ:

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുവേണ്ടി വൈദ്യുതോർജ്ജ നയത്തിൽ എന്തൊക്കെ കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ചാൽ ഊർജ്ജ നയത്തിന്റെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണെന്ന് പറയുമോ;

(സി) താപ വൈദ്യുത പദ്ധതികളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയേക്കാൾ ജലവൈദ്യുത പദ്ധതികളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് ചെലവു കുറയുമെന്ന വസ്തുത കണക്കിലെടുത്ത് ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകുന്ന നടപടി സ്വീകരിക്കുമോ;

(ഡി) ഗണ്യമായ ഉൽപ്പാദനം, കുറ്റമറ്റ പ്രസരണവിതരണശൃംഖല, തീവ്രമായ ഊർജ്ജ സംരക്ഷണ നടപടി എന്നിവ രണ്ടായിരാമാണ്ടിൽ കേരളത്തിന്റെ വൈദ്യുതി നയത്തിൽ വിഭാവനം ചെയ്യുന്നുണ്ടോ;

(ഇ) വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വൈദ്യുതി ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ വിഭാവന ചെയ്യുന്നു.

1) രണ്ടായിരാമാണ്ടോടെ കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുക.

2) പുതിയ സ്രോതസുകൾ കണ്ടെത്തൽ; അവയുടെ വികസനം.

3) പഴയപദ്ധതികളുടെ ആധുനികവൽക്കരണവും വിപുലീകരണവും.

4) പവർകട്ടിൽ നിന്നും ലോഡ്ഷെഡ്ഡിംഗിൽ നിന്നും ശാശ്വത മോചനം.

5) വൈദ്യുതോല്പാദന മേഖലയിൽ സ്വകാര്യ നിക്ഷേപകർക്ക് പ്രോൽസാഹജനകമായ അന്തരീക്ഷം.

6) ഊർജ്ജമേഖലയുടെ ക്രമാനുഗതവും ത്വരിതവുമായ വളർച്ച ഉറപ്പാക്കാൻ പ്രത്യേക നിരീക്ഷണസംവിധാനം

7) പ്രസരണവിതരണനഷ്ടം കുറയ്ക്കലും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കൽ.

8) സൂക്ഷ്മവും ഔചിത്യപൂർണ്ണവുമായ ഡിമാൻഡ്സൈഡ് മാനേജ്മെന്റിലൂടെ ഉൽപാദനവും ഉപഭോഗവും ക്രമപ്പെടുത്തൽ. ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

9) ഊർജ്ജ സംരക്ഷണം ഉറപ്പാക്കാൻ ഉപഭോഗരീതിയും ഉപകരങ്ങളുടെ മേന്മയും ക്ളിപ്തപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം.

10) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും പ്രോൽസാഹനവും.

11) (എ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും.

(ബി) സ്വന്തമായി പുതിയ പദ്ധതികൾ ഏറ്റെടുക്കാനുള്ള സാമ്പത്തിക കാര്യപ്രാപ്തി ആർജ്ജിക്കാനും.

(സി) ജനങ്ങളോടുത്തരവാദിത്വമുള്ള ഉപഭോക്താക്കളുമായി സൗഹാർദ്ദപരമായ സഹവർത്തിത്വം പുലർത്തുന്ന സ്ഥാപനമായി മാറ്റാനും ആവശ്യമായ പരിഷ്ക്കാരങ്ങളും പുന:സംഘടനയും സംസ്ഥാന വൈദ്യുതി ബോർഡിൽ വരുത്തുന്നു.

(ബി) വൈദ്യുതി ബോർഡിനെ സ്വകാര്യവൽക്കരിക്കാനോ വിഭജിക്കാനോ ചെയ്യാനുദ്ദേശമില്ല. പ്രവർത്തനശേഷി മെച്ചപ്പെടുത്തി സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും ഉപഭോക്തൃ സേവനമേഖലയിൽ കൂടുതൽ ശ്രദ്ധചെലുത്തി നല്ല ഉപഭോക്തൃബന്ധം വളർത്തിയെടുക്കുകയും സേവനോന്മുഖമായ തൊഴിൽ സംസ്കാരം ബോർഡിൽ വളർത്തിയെടുക്കുകയും ചെയ്യുക. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം പടിപടിയായി മറ്റു സെക്ഷനുകളിലേയ്ക്ക് വ്യാപിപ്പിക്കും. വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ഉപഭോക്താക്കൾ നേരിടുന്ന വിഷമതകൾ പരിഹരിക്കാനും വേണ്ട സംവിധാനം ഏർപ്പെടുത്തും. കേടായ മീറ്ററുകൾ മാറ്റി ഘട്ടം ഘട്ടമായി ഇലക്ട്രാണിക് മീറ്ററുകൾ സ്ഥാപിക്കുകയും പിന്നീട് കേടായാൽ അവ മാറ്റാനുള്ള ചുമതല ഉപഭോക്തക്കൾക്ക് തന്നെയായിരിക്കും. പുതിയ കണക്ഷനുകൾ നൽകുമ്പോൾ മീറ്റർ വാങ്ങാനുള്ള ഉത്തരവാദിത്വം ഉപഭോക്താവിന്റേതായി മാറും. വൈദ്യുതി മോഷണം തടയാൻ കൂടുതൽ ആന്റി പവർ തെഫ്റ്റ് സ്കാഡുകൾ ഉണ്ടാക്കുകയും എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളെ നിയോഗിക്കുകയും വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുകയും ചെയ്യും.

ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് പ്രോഫിറ്റ് സെന്ററുകളാക്കി ബോർഡിന്റെ പ്രവർത്തനം പുന:ക്രമീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ ആസ്ഥാനമാക്കി വൈദ്യുതി വിതരണ മേഖലയിൽ മൂന്ന് മേഖലാ പ്രോഫിറ്റ് സെന്ററുകൾ രൂപീകരിക്കും. മൂലധന നിക്ഷേപം, വിഭവ സമാഹരണം, നിശ്ചിത തസ്തികളിലേയ്ക്കുള്ള നിയമനം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കൽ ഉൾപ്പെടെ വിപുലമായ സ്വയം ഭരണാധികാരം പ്രോഫിറ്റ് സെന്ററുകൾക്കുണ്ടാകും. ഓരോ സെന്ററുകളുടെയും ലക്ഷ്യങ്ങൾ എന്തെന്നും പ്രവർത്തനമേഖലകൾ ഏതൊക്കെയെന്നും വിദ്യുച്ഛക്തിബോർഡ് നിശ്ചയിക്കും.

(സി) കൂടുതൽ ജലവൈദ്യുതപദ്ധതികളുണ്ടാക്കാനാണ് ബോർഡിന് താല്പര്യം. പൂയംകൂട്ടി (240 മെഗാവാട്ട്) കുരിയാർകുട്ടി-കാരപ്പാറ (84 മെഗാവാട്ട്) മാനന്തവാടി (225 മെഗാവാട്ട്) തുടങ്ങിയ വൻകിട ജലവൈദ്യുത പദ്ധതികളും നിരവധി ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാൻ വേണ്ട ശ്രമങ്ങൾ നടത്തിവരുന്നു. ചില പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും മറ്റ് പല പദ്ധതികളും വിവിധ ഏജൻസികളിൽ നിന്നുള്ള അനുമതിക്കായി കാത്തിരിപ്പുണ്ട്. ജലവൈദ്യുതപദ്ധതികൾക്ക് അനുമതി ലഭിക്കാനുള്ള കാല

LIBRARY ARCHIVES Kerala Legislative Assembly

താമസം പലപ്പോഴും പത്തു വർഷത്തിലധികമാകാറുണ്ട്. ചിലവയ്ക്ക് ഇതിനിടയിൽ അനുമതി നിഷേധിക്കാറുമുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ ജല വൈദ്യുത പദ്ധതികൾക്ക് മാത്രമായി സാധിക്കില്ല. അതിനാൽ താപനിലങ്ങളിൽ നിന്നുള്ള വൈദ്യുതി കൂടി ലഭ്യമാക്കേണ്ടിയിരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) വൈദ്യുതോത്പാദനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി നാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

1. പാലക്കാട് ജില്ലാ പഞ്ചായത്ത് മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി 1 മെഗാവാട്ട് - 2.7 മില്യൻ യൂണിറ്റ്

2. കണ്ണൂർ ജില്ലാ പഞ്ചായത്ത് കലങ്കി പദ്ധതി 1 മെഗാവാട്ട് - 2.7 മില്യൻ യൂണിറ്റ്.

3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് അരിപ്പാറ 3. മെഗാവാട്ട് -8.77 മി. യൂണിറ്റ്.

4. മലപ്പുറം ജില്ലാ പഞ്ചായത്ത് അടിയൻപാറ - 1.5 മെഗാവാട്ട് - 7.3 മില്യൻ യൂണിറ്റ്.

131 (2509) വൈദ്യുതി ബോർഡിലെ റവന്യൂ കമ്മി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി:
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡിൽ റവന്യൂ കമ്മിയുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്ര രൂപയാണ് അധിക വരുമാനമുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) 1999-2000 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന റവന്യൂ വരവും റവന്യൂ ചെലവുകളും എത്രയെന്നു വ്യക്തമാക്കാമോ;

(സി) 15-5-1999-ലെ വൈദ്യുതി നിരക്കു വർദ്ധനവുകൊണ്ട് ബോർഡു പ്രതീക്ഷിക്കുന്ന അധിക വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 15-5-1999-ലെ വൈദ്യുതി നിരക്കുവർദ്ധനവിനെ ചോദ്യം ചെയ്തുകൊണ്ട് എത്ര കേസ്സുകൾ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഗവൺമെന്റിന് അറിവുണ്ടോ എങ്കിൽ എത്ര; കേസ്സിലെ പ്രധാന വാദമുഖങ്ങൾ എന്തെല്ലാമാണെന്നും ആരെല്ലാമാണ് കേസ് കൊടുത്തിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 ലെ ബോർഡിന്റെ വാർഷിക കണക്കുകൾ പൂർത്തിയായിട്ടില്ല. 1998-99 ലെ ബോർഡിന്റെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 160.22 കോടി രൂപയുടെ റവന്യൂ കമ്മി ബോർഡിന് ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly